**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3100** **18-03-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന ഹാർബറുകളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്‌തീൻ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന മത്സ്യബന്ധന ഹാർബറുകളും തീരപ്രദേശങ്ങളും സുരക്ഷാ ഭീഷണി നേരിടുന്നത് കണക്കിലെടുത്ത് സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം കാര്യക്ഷമമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യബന്ധന തുറമുഖങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ഫിഷറീസ് വകുപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 12/3/2021 ൽ മുനമ്പം ഹാർബറിൽ 36,93,463/- രൂപ ചെലവിൽ കെൽട്രോൺ മുഖാന്തിരം സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം Monitoring of KMFR Act at fishing harbour എന്ന പദ്ധതിയിലുൾപ്പെടുത്തി ഹാർബറുകളിൽ നിരീക്ഷണ ക്യാമറയും എൽ.ഇ.ഡി ബോർഡുകളും സ്ഥാപിക്കുന്ന പദ്ധതിക്കായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടി പദ്ധതി പ്രകാരം ബേപ്പൂർ, പുതിയാപ്പ, നീണ്ടകര എന്നീ ഹാർബറുകളിൽ കെൽട്രോൺ മുഖേന നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തു. ഹാർബറുകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ഇവയുടെ പ്രവർത്തനങ്ങൾ ഹാർബറുകളിലും കൂടാതെ 24 മണിക്കൂറും പ്രവർത്തന സജ്ജമായിട്ടുള്ള ഫിഷറീസ് ആസ്ഥാനത്തെ കൺട്രോൾ റൂം മുഖേനയും നിരീക്ഷിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നു. 2020-21 സാമ്പത്തിക വർഷം വിഴിഞ്ഞം, പൊന്നാനി, ശക്തികുളങ്ങര എന്നീ ഹാർബറുകളിൽ 135 ലക്ഷം രൂപ ചെലവിൽ കെൽട്രോൺ മുഖേന നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം അഴീക്കൽ, മടക്കര, മാപ്പിള ബേ എന്നിവിടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് ഫിഷറീസ് ആസ്ഥാനത്തെ കൺട്രോൾ റൂം വഴി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 211 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ തീരദേശ ജില്ലകളിലും പ്രധാന മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് കടലിൽ പോകുന്ന |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കടലോര ജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. തീരക്കടലിൽ അസാധാരണമായി ശ്രദ്ധയിൽപ്പെടുന്ന വിവരങ്ങൾ ടി കടലോര ജാഗ്രത സമിതികൾ ഫിഷറീസ് വകുപ്പിനും, കോസ്റ്റൽ പോലീസിനും കൈമാറുകയും അതുവഴി കോസ്റ്റ് ഗാർഡിനെ വിവരങ്ങൾ അറിയിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ